(എഫ്) ട്രോളിംഗ് നിരോധനമെന്നതിൽ മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധന നിരോധനം മാത്രമാണോ ഉദ്ദേശിക്കുന്നത്;

(ജി) കപ്പലുകൾക്ക് തുല്യമായി വലിയ ഇൻബോർഡ് വള്ളങ്ങളിൽ ട്രോളിംഗ് നിരോധനകാലത്ത് നടത്തുന്ന മത്സ്യബന്ധനം ട്രോളിംഗ് നിരോധനത്തിന് സഹായകമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) എല്ലാ തീരദേശജില്ലകളിലേയും പ്രമുഖ മത്സ്യബന്ധന കേന്ദ്രങ്ങളിൽ നിന്ന് പോകുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കേരളത്തിന്റെ തീരപരിധിയിൽ ബോട്ടം ട്രോളിംഗ് നിരോധിച്ചു കൊണ്ടാണ് ഉത്തരവ്. ബോട്ടും കപ്പലും ഉൾപ്പെടെ ബോട്ടം ട്രോളിംഗ് നടത്തുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും നിരോധനത്തിന്റെ പരിധിയിൽ വരും.

(ജി) നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ട്രോളിംഗ് നിരോധനത്തിന് സഹായകരമല്ല.

വല ഉപയോഗിച്ചുള്ള മത്സ്യബന്ധന നിരോധനം

100 [1079] ശ്രീ. അടൂർ പ്രകാശ്:
" സി. പി. മുഹമ്മദ്:
" കെ. മുഹമ്മദാലി:
" എം. എ. ചന്ദ്രശേഖരൻ:
" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വിധത്തിലുള്ള വല ഉപയോഗിച്ച് കടലിൽ മത്സ്യ ബന്ധനം നടത്തുന്നതിനെ സുപ്രീം കോടതി നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതുവിധത്തിലുള്ള വലകൾ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വലകൾ ഉപയോഗിച്ച് കുറ്റൻ വള്ളങ്ങളിൽ ട്രോളിംഗ് സമയത്ത് കടലിൽ മത്സ്യബന്ധനം നടത്താറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

വള്ളങ്ങളും ട്രോളറുകളും ഉപയോഗിച്ച് മത്സ്യബന്ധനം

101[1080] ശ്രീ. എൻ. ശക്തൻ:

" എം. എ. ചന്ദ്രശേഖരൻ:

" അടൂർ പ്രകാശ്:

" വി. ഡി. സതീശൻ:

" പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യബന്ധന വള്ളങ്ങളും യന്ത്രവൽകൃത വള്ളങ്ങളും ബോട്ടുകളും ട്രോളറുകളുമുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതെല്ലാം തരത്തിലുള്ള വല ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നത് എന്നു വ്യക്തമാക്കാമോ;

(സി) ഇവ മത്സ്യബന്ധനം നടത്തുന്ന രീതിമൂലം മത്സ്യക്കുഞ്ഞുങ്ങൾ നശിക്കാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3745 വള്ളങ്ങളും 16667 യന്ത്രവൽകൃത വള്ളങ്ങളും 3156 ബോട്ടുകളുമുണ്ട്. ട്രോളറുകളുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

(ബി) പരമ്പരാഗത വള്ളങ്ങളിൽ ഒടുക്കുവല (ഗിൽ നെറ്റ്), വീശുവല, ഒഴുക്കുവല, ട്രാമൽ വല മുതലായവയും യന്ത്രവൽകൃത വള്ളങ്ങളിൽ റിംഗ് വല, താങ്ങുവല, മിനിട്രോൾ വല, ഒഴുക്കുവറ ചൂണ്ട, തട്ടുമടി, വട്ട വല, മുതലായവയും ബോട്ടുകളിൽ പഴ്സീൻ, ഗിൽനെറ്റ്, ലോങ്ങ് ലൈൻ എന്നീ വലകളും ട്രോളറുകളിൽ വിവിധയിനം ട്രോൾ വലകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നു.

(സി) ഇല്ല. എന്നാൽ തന്നെയും മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കിയും, ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയും, കടലിൽ നിയമങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ പരിശോധന നടത്തുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly